رِسَالَةٌ مُخْتَصَرَةٌ بِعُنْوَانِ:

# «كَيْفَ أَدْخُلُ فِي الإِسْلاَمِ؟»

## مُتَرْجَمَةٌ إِلَى اللُّغَةِ: المليبارية

# « എനിക്ക് എങ്ങനെ ഇസ്ലാമിലേക്ക് പ്രവേശിക്കാം »


إِعْدَادُ الْفَقِيرِ إِلَى عَفْوِ رَبِّهِ:

## هَيْثَم بْنِ مُحَمَّدٍ سَرْحَان

الـمُدرِّس بمعهد الحرم بالمسجد النَّبويِّ -سابقًا- والـمُشرِف على معهد السُّنَّة

https://mahadsunnah.com/


غفر الله له ولوالديه ولمن أعانه على إخراج هذا الكتاب

قامَ بتَرجَمَتِها: أنس علي بن عبد الرحمان -وفَّقَهُ اللهُ وسَدَّدَهُ-


الطَّبعة الأولى



[حقوق الطَّبع مُتاحةٌ لكلِّ مسلمٍ بدون أيِّ تغييرٍ في المُحتوى]

| ചോദ്യം: | ഉത്തരം: |
|---|---|
| ഇസ്‌ലാമിലേക്ക് പ്രവേശിക്കൽ എളുപ്പമാണോ ? | അതെ വളരെ എളുപ്പമാണ്. അതിന് ഒരു മദ്ധ്യസ്തൻ്റെയും ആവശ്യമില്ല. |
| ഞാൻ ഇസ്‌ലാമിലേക്ക് പെട്ടെന്ന് തന്നെ പ്രവേശിക്കണോ? അതോ ചില പ്രശ്നങ്ങൾ പരിഹരിക്കുവാൻ കാത്തു നിന്നതിന് ശേഷം അനുയോജ്യമായ സമയത്ത് പ്രവേശിച്ചാൽ മതിയോ? | അതിന് തിടുക്കം കാണിക്കൽ അനിവാര്യമാണ്. കാരണം ഇസ്‌ലാമിലേക്ക് പ്രവേശിക്കൽ നീട്ടി വെക്കുന്നത് ചിലപ്പോൾ പല അപകടങ്ങളിലേക്കും എത്തിക്കാം. ചിലപ്പോൾ ഏത് സമയത്ത് വേണമെങ്കിൽ നീ മരിക്കാം. ഇസ്ലാം സ്വീകരണം |

| ചോദ്യം: | ഉത്തരം: |
|---|---|
| | ലാഭകരമായ ഒരു കച്ചവടമാണ്. ആ കച്ചവടത്തിലേക്ക് നീ എത്രത്തോളം തിടുക്കം കാണിക്കുന്നുവോ അതിനനുസരിച്ച് നിൻ്റെ ലാഭവും കൂടുതലായിരിക്കും. |
| ഇസ്ലാം സ്വീകരിക്കാൻ ഓരാൾ തീരുമാനിച്ചാൽ അയാൾ എന്ത് ചെയ്യണം? | രണ്ട് സാക്ഷ്യ വചനങ്ങളായ "അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹൂ" എന്ന ഈ സാക്ഷ്യം ഉച്ചരിച്ചാൽ മാത്രം മതി . |
| ഏത് ഭാഷയിൽ ആണ് ഇത് ഉച്ചരിക്കേണ്ടത്? | അവന് നന്നായി അറിയാവുന്ന ഏത് ഭാഷയിലും ഇത് |

| ചോദ്യം: | ഉത്തരം: |
| --- | --- |
| | ഉച്ചരിക്കാം അറബിയിൽ തന്നെ ആവണം എന്ന് നിബന്ധനയില്ല. |
| അതിൻ്റെ അർത്ഥം മനസ്സിലാക്കാതെ അത് ഉച്ചരിക്കാമോ? | അല്ല. അനിവാര്യമായും അതിൻ്റെ അർത്ഥവും, ആശയവും മനസ്സിലാക്കുകയും, അതിൽ അടങ്ങിയത് വിശ്വസിക്കുകയും, അതിൻ്റെ താൽപര്യത്തിനനുസരിച്ച് പ്രവർത്തിക്കുകയും വേണം. |
| " അശ്ഹദു " എന്നതിൻ്റെ അർത്ഥം എന്താണ്? | അതിൻ്റെ അർത്ഥം: ഞാൻ എൻ്റെ ഹൃദയം കൊണ്ട് അംഗീകരിക്കുകയും, മനസ്സിലാക്കുകയും, എൻ്റെ നാവ് കൊണ്ട് |

| ചോദ്യം: | ഉത്തരം: |
|---|---|
| | പറയുകയും , എൻ്റെ അവയവങ്ങൾ കൊണ്ട് പ്രവർത്തിക്കുകയും ചെയ്യുന്നു. എന്നതാണ്. |
| " ലാഇലാഹ ഇല്ലല്ലാഹ് " എന്നതിൻ്റെ അർത്ഥം എന്താണ്? | അതിൻ്റെ അർത്ഥം: അല്ലാഹു അല്ലാതെ ആരാധനകൾക്ക് അർഹനായി മറ്റാരും തന്നെ ഇല്ല എന്നതാണ്. |
| " അന്ന മുഹമ്മദൻ അബ്ദുഹു വ റസൂലുഹു " എന്നതിൻ്റെ അർത്ഥം എന്താണ്? | അതിൻ്റെ അർത്ഥം: മുഹമ്മദ് നബി ആരാധിക്കാപ്പെടാൻ അർഹതയില്ലാത്ത അടിമയും, കളവാക്കപ്പെടാൻ പാടില്ലാത്ത പ്രവാചകനും, ആണ് എന്നതാണ്. അദ്ദേഹം അറിയിച്ച വാർത്തകൾ സത്യപ്പെടുത്തലും, , കൽപ്പിച്ചത് |

| ചോദ്യം: | ഉത്തരം: |
|---|---|
| | അനുസരിക്കലും, വിലക്കിയതും താക്കീത് നൽകിയതുമായ കാര്യങ്ങൾ വെടിയലും അവിടുത്തെ ചര്യ പിൻപറ്റലും, അനുദാവനം ചെയ്യലും ഈ സാക്ഷ്യത്തിലൂടെ നിർബന്ധമാകുന്നു. |
| എനിക്ക് കൃത്യമായി മനസ്സിലായി. എനി ഞാൻ എന്ത് ചെയ്യണം? | എൻ്റെ കൂടെ ഈ സാക്ഷ്യം ഉച്ചരിക്കുക." അശ്ഹദു അല്ലാഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹൂ" |
| ഇപ്പോൾ ഞാൻ മുസ്ലിമാണോ? | അതെ, അല്ലാഹുവിനാകുന്നു എല്ലാ സ്തുതിയും, അവൻ നിനക്ക് മേൽ |

| ചോദ്യം: | ഉത്തരം: |
|---|---|
| | ചൊരിഞ്ഞ അവൻ്റെ ഔദാര്യമാകുന്നു ഇത് . |
| ഒരു മുസ്‌ലിമെന്ന നിലക്ക് താങ്കൾക്ക് എന്നോട് നൽകാനുള്ള ഉപദേശമെന്താണ്? | നിൻ്റെ ഈ മതത്തിൽ നിന്നെ ഉറപ്പിച്ച് നിർത്താൻ നീ അല്ലാഹുവോട് പ്രാർത്ഥിക്കുവാനും, അതിന് സഹായകമാകുന്ന നല്ല കൂട്ടുകെട്ട് തിരഞ്ഞെടുക്കാനും,ഇസ്ലാം നന്നായി പഠിക്കാനും, അത് ശക്തമാകുവോളം ഇസ്ലാം സ്വീകരിച്ചത് രഹസ്യമാക്കി വെക്കുവാനും ഞാൻ നിന്നോട് ഉപദേശിക്കുന്നു. |

| ചോദ്യം: | ഉത്തരം: |
|---|---|
| ഏറ്റവും ഉത്തമമായ പ്രാർത്ഥന ഏതാണ്? | ഇഹ്ദിനസ്സ്വിറാതൽ മുസ്തഖീം<br>( അല്ലാഹുവേ ഞങ്ങളെ നീ ഏറ്റവും നേരായ പാതയിലാക്കേണമേ) സൂറ : ഫാതിഹ. |
| ഏറ്റവും എളുപ്പമുള്ള ദിക്ർ ഏതാണ്. | ഏറ്റവും എളുപ്പമുള്ള ദിക്ർ "ബിസ്മില്ലാഹ്" എന്നതാണ്.<br>പള്ളിയിലും, വീട്ടിലും പ്രവേശിക്കുമ്പോഴും, പുറത്തിറങ്ങുമ്പോഴും ഖുർആൻ പാരായണം ചെയ്യുമ്പോഴും, ബാത്റൂമിൽ പ്രവേശിക്കുമ്പോഴും, വസ്ത്രങ്ങൾ അഴിക്കുമ്പോഴു, വുദു ചെയ്യുമ്പോഴും, ഭക്ഷിക്കുമ്പോഴും , |

| ചോദ്യം: | ഉത്തരം: |
|---|---|
| | കുടിക്കുമ്പോഴും ഇത് പറയാവുന്നതാണ്. |
| ഇസ്‌ലാമിന് മുൻപ് എന്നിൽ സംഭവിച്ച തിന്മകളുടെ വിധി എന്താണ്? | ഇസ്ലാം അതിന് മുൻപുള്ള എല്ലാ തിന്മകളെയും ഇല്ലാതാക്കുന്നു. എന്നാൽ ജനങ്ങളുമായി ബന്ധപ്പെട്ട വല്ല ഇടപാടുകളും ഉണ്ടെങ്കിൽ അതിൻ്റെ അവകാശികൾക്ക് അത് വിട്ടുകൊടുക്കൽ നിർബന്ധമാകുന്നു. |
| സാക്ഷ്യം വഹിച്ചതിന് ശേഷം ഞാൻ എന്താണ് ചെയ്യേണ്ടത്? | നീ ശുദ്ധിയായി കുളിക്കുക. |
| എന്തിനാണ് ഞാൻ കുളിക്കുന്നത്? | ഒന്നാമതായി ഒരു മുസ്ലിം എന്തിനാണ് എന്ന ചോദ്യം ഉന്നയിക്കില്ല. മറിച്ച് |

| ചോദ്യം: | ഉത്തരം: |
| --- | --- |
| | ഞങ്ങൾ കേട്ടിരിക്കുന്നു. അനുസരിച്ചിരിക്കുന്നു എന്നവർ പറയും. രണ്ടാമതായി നിൻ്റെ ഹൃദയം ശുദ്ധിയായത് പോലെ നിൻ്റെ ശരീരം കൂടി ശുദ്ധിയാകുന്നതിന് വേണ്ടിയാണ് നീ കുളുക്കുന്നത്. |
| ശരി, എങ്ങനെയാണ് കുടിക്കേണ്ടത് ? | നിൻ്റെ ഹൃദയത്തിൽ കുളി ഉദ്ദേശിക്കുകയും, ശേഷം ബിസ്മില്ലാഹ് എന്ന് പറയുകയും വെള്ളം കൊണ്ട് ശരീരം മൊത്തം കഴുകുകയും ചെയ്യുക. |
| കുളിച്ചതിന് ശേഷം എന്താണ്? | നിസ്കാര സമയമായാൽ അല്ലാഹുവിൻ്റെ |

| ചോദ്യം: | ഉത്തരം: |
|---|---|
| | അനുമതിയോടെ നീ നിസ്കരിക്കുക. |
| നിസ്കാരം നിർവഹിക്കൽ എനിക്ക് പ്രയാസമാണ് കാരണം എനിക്ക് അറിയാത്ത വാക്കുകളും, പ്രവൃത്തികളുമാണ് അതിൽ ഉള്ളത്. | ഇസ്ലാം എളുപ്പത്തിൻ്റെ മതമാണ്. അതിൽ കടുപ്പമുള്ള യാതൊന്നുമില്ല. |
| ഞാൻ എങ്ങനെ നിസ്കരിക്കും? | ഒന്നുകിൽ നീ എന്നെ പിന്തുടർന്ന് നിസ്കരിക്കുക. അല്ലെങ്കിൽ ഈ ലേഖനത്തിൻ്റെ അവസാനത്തിൽ നൽകിയ മഹദുസ്സുന്ന സൈറ്റിൻ്റെ ലിങ്കിൽ കയറിയാൽ നമ്മുടെ സൈറ്റിൽ ഏത് |

| ചോദ്യം: | ഉത്തരം: |
|---|---|
| | ഭാഷയിൽ വേണമെങ്കിലുമുള്ള നിസ്കാരം പഠിപ്പിക്കുന്ന വീഡിയോകൾ നിനക്ക് കാണാം. |
| നിസ്കാര ശേഷം എന്താണ്? | ഇസ്ലാമിൻ്റെ അഞ്ച് സ്തംഭങ്ങളും, വിശ്വാസത്തിൻ്റെ സ്തംഭങ്ങളും പോലുള്ള നിൻ്റെ വിശ്വാസവും ഇസ്ലാമും ശരിയാകാനുള്ള കാര്യങ്ങൾ നീ പഠിക്കണം. |
| ഇസ്ലാം ശരിയായി പഠിക്കാൻ ഏതൊക്കെ സൈറ്റുകളാണ് താങ്കൾ എനിക്ക് നിർദ്ദേശിക്കുന്നത്. | സൗദി അറേബ്യയിലെ ഉന്നത പണ്ഡിതൻമാരുടെ സൈറ്റുകളും, അവിടെയുള്ള മതപഠന സ്ഥാപനങ്ങളും ഞാൻ |

| ചോദ്യം: | ഉത്തരം: |
|---|---|
| | നിനക്ക് നിർദ്ദേശിക്കുന്നു. |
| മുസ്ലിമീങ്ങളല്ലാത്ത എൻ്റെ ബന്ധുക്കളോട് ഞാൻ എങ്ങനെ പെരുമാറണം? | നബി ﷺ മുസ്ലിമീങ്ങളല്ലാത്തവരോട് എപ്രകാരം പെരുമാറിയോ അത് നീ അവരോട് പെരുമാറുക. |
| | അദ്ദേഹം അവിടുത്തെ നാവ് കൊണ്ടും സ്വഭാവ പെരുമാറ്റങ്ങൾ കൊണ്ടും ഇസ്ലാമിലേക്ക് ക്ഷണിക്കുന്നവരായിരുന്നു. |
| ചില ആളുകൾ ഇസ്ലാം സ്വീകരിക്കാൻ ആഗ്രഹിക്കുന്നവരാണ് പക്ഷെ അവൻ തൻ്റെ കുടുംബത്തെ ഇസ്ലാം | ഇസ്ലാം സ്വീകരിക്കുന്നവർ ആ വിവരം ആരെയെങ്കിലും അറിയിക്കൽ നിർബന്ധമായ കാര്യമല്ല. |

| ചോദ്യം: | ഉത്തരം: |
|---|---|
| സ്വീകരിച്ച വിവരം അറിയിക്കാൻ ഉദ്ദേശിക്കുന്നില്ല. ഇതിൻ്റെ വിധി എന്താണ്? | അവൻ്റെ ഇസ്ലാം അവനും അല്ലാഹുവിനുമിടയിലുള്ള കാര്യമാണ്. |
| ഇസ്ലാമിലെ ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം ഏതാണ്.? | ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം വിശുദ്ധ ഖുർആൻ ആകുന്നു. അത് അല്ലാഹുവിൻ്റെ സംസാരമാണ്. |
| ഖുർആനിലെ ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായം ഏതാണ്? | ഏറ്റവും പ്രധാനപ്പെട്ട അദ്ധ്യായം സൂറതുൽ ഫാതിഹയാണ്. അതിനാലാണ് നാം അത് എല്ലാ നിസ്കാരത്തിലെയും എല്ലാ റക്അത്തിലും അത് പാരായണം ചെയ്യുന്നത്. |

| ചോദ്യം: | ഉത്തരം: |
| --- | --- |
| വിശുദ്ധ ഖുർആനിലെ ഏറ്റവും മഹത്തായ സൂക്തമേതാണ്.? | ഏറ്റവും മഹത്തായ സൂക്തം ആയത്തുൽ കുർസി ആണ്. |
| എനിക്ക് ഖുർആൻ പാരായണം ചെയ്യാൻ എങ്ങനെ സാധിക്കും? | ഖുർആൻ പഠിച്ചു കൊണ്ടും ശൈഖ് അലി അൽ ഹുദൈഫി, അൽ ഹുസ്വരി എന്നവരെ പോലെയുള്ളവരുടെ ഖുർആൻ പാരായണം കേട്ട് കൊണ്ടും. |
| ഞാൻ ഖുർആനിൻ്റെ ആശയം എങ്ങനെ മനസ്സിലാക്കും.? | ഈ സമൂഹത്തിലെ പണ്ഡിതൻമാർ രചിച്ച ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലൂടെ. |
| ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ എനിക്ക് എവിടെ നിന്ന് ലഭിക്കും. | മദീനയിലുള്ള ഖുർആൻ പ്രിൻ്റിംഗ് പ്രസ്സ് ഞാൻ നിനക്ക് നിർദ്ദേശിക്കുന്നു. |

| ചോദ്യം: | ഉത്തരം: |
| --- | --- |
| ഖുർആൻ കഴിഞ്ഞാൽ ഞാൻ ഏത് വായിക്കണമെന്നാണ് താങ്കൾ എനിക്ക് നിർദ്ദേശിക്കുന്നത്. | നബി ﷺ യുടെ ഏറ്റവും ശരിയായ ഹദീസുകൾ വായിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. |
| നബി ﷺ യുടെ ഹദീസുകളുടെ ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായ ഗ്രന്ഥം ഏതാണ്? | ഹദീസ് ഗ്രന്ഥങ്ങളിൽ ഏറ്റവും ശ്രേഷ്ഠമായതും, ഏറ്റവും ശരിയായതുമായ ഗ്രന്ഥം സ്വഹീഹുൽ ബുഖാരിയാണ്. |
| | ഈ സമൂഹം ഏകോപിച്ച മഹാന്മാരായ പണ്ഡിതൻമാർ തൃപ്തിപ്പെട്ട ഗ്രന്ഥമാണത്. ഈ ലേഖനത്തിൻ്റെ അവസാനത്തിൽ |

| ചോദ്യം: | ഉത്തരം: |
|---|---|
| | കൊടുത്ത ഗ്രന്ഥങ്ങൾ പരിശോധിക്കാനുള്ള ലിങ്ക് സന്ദർശിക്കാൻ ഞാൻ നിർദ്ദേശിക്കുന്നു. |
| നബിﷺ യുടെ ഹദീസുകളിൽ ഏറ്റവും പ്രധാനപ്പെട്ട ഹദീസ് ഏതാണ്? | ഏറ്റവും പ്രധാനപ്പെട്ട ഹദീസ് ജിബ്രീലിൻ്റെ ഹദീസ് എന്നറിയപ്പെടുന്ന ദീനിൻ്റെ പഠികളായ ഇസ്ലാം, ഈമാൻ, ഇഹ്സാൻ എന്ന ഈ മൂന്ന് കാര്യങ്ങൾ വിശദീരിക്കുന്ന ഹദീസാണത്. |
| ഇസ്ലാം പഠിക്കാൻ എനിക്ക് സാധിക്കുമോ എന്ന കാര്യം ഞാൻ ഭയക്കുന്നു. | നീ ഭയക്കേണ്ടതില്ല. നീ അല്ലാഹുവിൽ ഭരമേൽപ്പിക്കുക. നിൻ്റെ ശ്രമങ്ങളിൽ അല്ലാഹു നിന്നെ സഹായിക്കട്ടെ. ദീൻ |

| ചോദ്യം: | ഉത്തരം: |
| --- | --- |
| | വളരെ എളുപ്പമാണ്. അല്ലാഹുവിന് ഇഷ്ടവും, തൃപ്തിയുമുള്ളതിലേക്ക് അവൻ നിനക്ക് ഭാഗ്യം നൽകട്ടെ.<br>ഈ ലേഖനത്തിൻ്റെ അവസാനം നൽകിയ ലിങ്കിൽ പ്രവേശിച്ചാൽ ഓൺലൈനായി മഅഹദുസ്സുന്നയിൽ നമ്മോടൊപ്പം സൗജന്യമായി നിനക്ക് പഠിക്കാൻ സാധിക്കും.<br>അവസാനമായി നബി ﷺ യുടെ വാക്കു കൊണ്ട് ഞാൻ നിന്നെ ഉപദേശിക്കുന്നു.<br>നിനക്ക് ഉപകാരമുള്ള കാര്യങ്ങളിൽ നീ പരിശ്രമിക്കുക. അല്ലാഹുവിനോട് |

| ചോദ്യം: | ഉത്തരം: |
| --- | --- |
| | സഹായം തേടുകയും ചെയ്യുക. നീ അശക്തനാകരുത്. |

## رَوابِطُ قَنَواتِ مَعْهَدِ السُّنَّةِ:

مَوقِعُ مَعهَدُ السُّنَّةِ:

رابِطُ الفيس بوك:

رابِطُ التِّلجرام:

رابِطُ الانستغرام:

رابِطُ التويتر (X):

رابِطُ الواتساب:

قَناةُ اليوتوب:

رابِطُ تَحميلِ الكُتُبِ: